**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1060 04.12.2014 -ലെ മറുപടിയ്ക്ക്

## കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന ബി.എഡ്. സെന്ററുകൾ അടച്ചുപൂട്ടാൻ കേന്ദ്ര ഏജൻസിയുടെ എൻ.സി.റ്റി.ഇ. നിർദ്ദേശം

*ചോദ്യം*
ശ്രീ.ബി.സത്യൻ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന ബി.എഡ് സെന്ററുകൾ അടച്ചുപൂട്ടാൻ കേന്ദ്രഏജൻസിയുടെ എൻ.സി.റ്റി.ഇ. നിർദ്ദേശം നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകാമോ; | (എ) | കേരള സർവ്വകലാശാല നേരിട്ടു നടത്തുന്ന 10 ബി.എഡ് സെന്ററുകളുടെയെയും അംഗീകാരം 2014-15 അദ്ധ്യായന വർഷത്തിൽ പിൻവലിച്ചുകൊണ്ട് NCTE യുടെ സതേൺ റീജിയണൽ കമ്മിറ്റി (SRC) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് മെരിറ്റിൽ അഡ്മിഷൻ നടത്തി മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുന്ന പ്രസ്തുത സ്ഥാപനം സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) & (ഇ) | സർവ്വകലാശാലയുടെ ബി.എഡ് കോളേജുകൾക്ക് അംഗീകാരം പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ച ഉടൻ സർവ്വകലാശാല NCTE യ്ക്ക് 1 ലക്ഷം രൂപ ഫീസ് അടച്ച് അപ്പീൽ നൽകുകയുണ്ടായി. പ്രസ്തുത അപ്പീലിൽ 24.11.2014 ൽ അപ്പീൽ കമ്മിറ്റി സർവ്വകലാശാലയുടെ ഭാഗം കേൾക്കുകയും ചെയ്തു. ബഹു. മുഖ്യ മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുനിന്നുള്ള സംഘം കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിനായി ബഹു. പ്രധാനമന്ത്രിയുമായും കേന്ദ്ര മന്ത്രിമാരുമായി കൂടികാഴ്ച നടത്തിയ വേളയിൽ കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ 10 |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്കും തുടർ അംഗീകാരം നൽകണമെന്ന വിഷയം വളരെ പ്രാധാന്യത്തോടെ ബഹു. കേന്ദ്ര മാനവശേഷി വകുപ്പ് മന്ത്രി മുമ്പാകെ അവതരിപ്പിച്ചിട്ടുമുണ്ട്. ഇതിൻമേൽ തീരുമാനങ്ങളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത കോളേജുകൾക്ക് തുടർ അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്. |
| (സി) | പ്രസ്തുത സ്ഥാപനത്തെ തകർക്കാൻ സ്വാശ്രയ സ്ഥാപനങ്ങളും അതിന്റെ നടത്തിപ്പുകാരും ഇടപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ബഹുമാനപ്പെട്ട കോടതികളിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; | (ഡി) | സർവ്വകലാശാല നടത്തുന്ന ബി.എഡ് കോളേജുകൾ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകരുടെ സംഘടനയായ അസോസിയേഷൻ ഓഫ് കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(c) No. 28138/2014 എന്ന കേസ് ഫയൽ ചെയ്തിട്ടുള്ളതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| (ഇ) | ഇക്കാര്യത്തിൽ ഇപ്പോൾ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത സ്ഥാപനം സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഇ) | (ബി) പിരിവിന്റെ മറുപടിയോടൊപ്പം ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്